ആവുകയില്ലെന്നും അങ്ങനെ ചെയ്താൽ അതിന് നിയമസാധുത ഉണ്ടാവുകയില്ലെന്നും വ്യക്തമാക്കപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ. (എം.എസ്.) നമ്പർ. 11/2011/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതി 3-11-2009-ൽ 25897/2006 തുടങ്ങി ഒരു കൂട്ടം റിട്ട് പെറ്റീഷനുകൾ പരിഗണിക്കവേ കേരളത്തിലെ വിവിധ സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്ത് നിയമങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്ന കാര്യം പരിഗണിക്കണമെന്ന് നിരീക്ഷിച്ചു.9-4-2010-ലെ കത്തിലൂടെ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഹു. ഹൈക്കോടതിയെ അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിരുന്നു.

സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുകയും പ്രത്യേക നിയമനിർമ്മാണം നടത്തുകയും ചെയ്താൽ മാത്രമേ റിക്രൂട്ട്മെന്റ് നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുവാൻ കഴിയുകയുള്ളൂ.

കൃഷി മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും ജപ്പാൻ സന്ദർശനം

19(1258) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പു മന്ത്രിക്കും ഉദ്യോഗസ്ഥ സംഘത്തിനും ജപ്പാൻ സന്ദർശിക്കാൻ മുഖ്യമന്ത്രി അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള ചെലവ് വഹിക്കുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ യാത്രയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മന്ത്രിസഭയുടെ കാലാവധി അവസാനിക്കാൻ ഏതാനും മാസങ്ങൾ മാത്രം ശേഷിക്കേ നടത്തുന്ന യാത്രകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ ഏതു വിധത്തിൽ സംസ്ഥാനത്തിനു പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) റിട്ടയർ ചെയ്യാറായ എത്ര ഉദ്യോഗസ്ഥർ സംഘത്തിലുണ്ടെന്നും, അവരുടെ സേവനം ഏതു വിധത്തിൽ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താം എന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.കെ.വി.വൈ. ഫണ്ടിൽ നിന്നും 2401-00-800-37 ആർ.കെ.വി.വൈ.-എസിഎ പ്ലാൻ (ഈ ഫണ്ടിൽ നിന്നും അനുവദനീയമായ ഒരു ശതമാനം തുക ഭരണപരവും മറ്റ് ബന്ധപ്പെട്ട ചെലവുകൾക്കുമായി ഉപയോഗിക്കാവുന്നതുമാണ്)

(സി&ഡി) ഉണ്ട്, അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ഇ) ഒരു ഉദ്യോഗസ്ഥൻ കാർഷിക യന്ത്രവത്ക്കരണ മേഖലയിൽ ഏറ്റവും കൂടുതൽ പ്രവൃത്തി പരിചയമുള്ള ഉദ്യോഗസ്ഥനായതുകൊണ്ട് ടിയാന്റെ സേവനം കുട്ടനാട്, പൊക്കാളി മേഖലകളിലെ യന്ത്രവൽക്കരണം സംബന്ധിച്ച സവിശേഷ സാങ്കേതികവിദ്യാപരമായ ആവശ്യകതകൾ അവതരിപ്പിക്കുവാനും പ്രയോജനപ്പെടുത്തുവാനുമാണ് സംഘത്തിൽ ഉൾപ്പെടുത്തിയത്.

ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി

20(1259) ശ്രീ. വി. ശശികുമാർ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നതിന് വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്ന നിശ്ചിതഫാറം ശരിയായ രീതിയിൽ പൂരിപ്പിച്ച് പി.എസ്.സി.-യെ അറിയിക്കാത്തതുമൂലം തിരിച്ചയയ്ക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly